(ബി) അതിനുവേണ്ടി ഇതുവരെ 6766.65 ലക്ഷം രൂപ സഹായ ധനമായി നൽകിയിട്ടുണ്ട്.

(സി) ഈ വർഷം ഈ പദ്ധതിപ്രകാരം 30,000 കുടുംബങ്ങൾക്ക് സ്വയം തൊഴിൽ സഹായം നൽകാൻ ഉദ്ദേശിക്കുന്നു.

സ്വർണ്ണ ജയന്തി ഗ്രാമസ്വറോസ്ഗാർ യോജന

120 [302] *ശ്രീ. എം. മുരളി:*

,, *ബി. വിജയകുമാർ:*

പ്രൊഫ. കെ. വി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വർണ്ണ ജയന്തി ഗ്രാമസ്വറോസ്ഗാർ യോജനയനുസരിച്ച് സ്വയം സഹായ സംഘങ്ങൾക്കും സ്വയംതൊഴിൽ സംരംഭകർക്കും പരിശീലനം നൽകുവാൻ ഉദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ എത്രപേർക്ക് ;

(ബി) അതിനുവേണ്ടി എന്ത് തുക മാറ്റിവച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്. 10,000 പേർക്ക് പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നു.

(ബി) സ്വർണ്ണ ജയന്തി ഗ്രാമസ്വറോസ്ഗാർ യോജനയുടെ കേന്ദ്ര സംസ്ഥാന വിഹിതത്തിൽ നിന്നാണ് പരിശീലന ചെലവുകൾ വഹിക്കുന്നത്. ഇതിൽ നിന്ന് 5 കോടി രൂപ വരെ ഇതിന് ചെലവഴിക്കാവുന്നതാണ്.

പ്രധാനമന്ത്രിയുടെ ഗ്രാമീണ റോഡ് പദ്ധതി

121 [303] *ഡോ. എ. നീലലോഹിതദാസൻ നാടാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രിയുടെ ഗ്രാമീണ റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തി കേരളത്തിൽ ആകെ എത്ര റോഡുകളുടെ നിർമ്മാണമാണ് ഏറ്റെടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) അവയിൽ എത്ര റോഡുകൾ നിർമ്മിച്ച് കഴിഞ്ഞു എന്നും ഇനി എത്ര റോഡുകൾ നിർമ്മിക്കാനുണ്ട് എന്നും വ്യക്തമാക്കുമോ;

(സി) അതിയന്നൂർ ബ്ലോക്ക് അതിർത്തിയിൽ എത്ര റോഡുകളുടെ നിർമ്മാണമാണ് പ്രസ്തുത പദ്ധതി അനുസരിച്ച് ഏറ്റെടുത്തത് എന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly